സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ബഹുമാനപ്പെട്ട ബോർഡ് പ്രസിഡന്റിന്റേയും അംഗങ്ങളുടേയും പേഴ്സണൽ സ്റ്റാഫിൽ ഡ്യൂട്ടി വ്യവസ്ഥയിൽ നിൽക്കുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 40 % തുക പിടുത്തം വരുത്തുന്നത് ഒഴിവാക്കി ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ: **ROC 11419/13/Est-2** നന്തൻകോട്, **26/10/2016**

---

പരാമർശം :- 1) കൊല്ലം ഗ്രൂപ്പ്, ആശ്രാമം സബ്ഗ്രൂപ്പ്, തളി, ശ്രീ. വി. വിനോദിന്റെ 10-08-2016 ലെ അപേക്ഷ.

2) 17-09-2012 ലെ ROC 20/07/Est-2 നമ്പർ ബോർഡുത്തരവ്.

3) 05-02-2016 ലെ മേൽ നമ്പർ ബോർഡുത്തരവ്.

4) ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ 06-10-2016 ലെ FAO 401/16/IAD നമ്പർ അഭിപ്രായ റിപ്പോർട്ട്.

## ഉത്തരവ്

ബഹുമാനപ്പെട്ട ബോർഡ് പ്രസിഡന്റിന്റെ പേഴ്സണൽ സ്റ്റാഫിൽ ക്ലാർക്ക്-കം-കമ്പ്യൂട്ടർ ഓപ്പറേറ്ററായി ജോലി നോക്കുന്ന കൊല്ലം ഗ്രൂപ്പ് ആശ്രാമം സബ്ഗ്രൂപ്പ് തളി ശ്രീ. വി. വിനോദ്, ടിയാന്റെ ശമ്പളത്തിൽ നിന്നും 40 % തുക പിടുത്തം വരുത്തുന്നത് ഒഴിവാക്കണമെന്ന് കാണിച്ച് അപേക്ഷ സമർപ്പിച്ചു (പരാമർശം -1).

ദേവസ്വം ബോർഡിൽ ഡ്യൂട്ടി വ്യവസ്ഥയിൽ നിയോഗിക്കപ്പെട്ടിട്ടുള്ളവരും ഇനി നിയോഗിക്കപ്പെടുന്നവരുമായ ക്ഷേത്ര ജീവനക്കാരിൽ പകരംവ്യവസ്ഥ ഏർപ്പെടുത്തേണ്ട തസ്തികകളിൽ ഉൾപ്പെട്ടവരെ സംബന്ധിച്ച് അവരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റെ 40 % ന് തുല്യമായ തുക പിടുത്തം വരുത്തുന്നതിന് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (പരാമർശം -2).

തുടർന്ന് ദേവസ്വം ബോർഡിൽ പുനർവിന്യാസ നടപടികൾ നടന്നുവരുന്നതിനാൽ പുനർവിന്യാസം നടപ്പിലാക്കുന്നതുവരെ നിലവിലെ അനുവാദ തസ്തികയിൽ ഡ്യൂട്ടി വ്യവസ്ഥയിൽ ജോലി നോക്കിവരുന്നതും പകരംവ്യവസ്ഥ അനുവദനീയമായ തസ്തികയിൽ നിന്നും ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെട്ടിട്ടുള്ളതുമായ ക്ഷേത്ര ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 40 % തുക പിടുത്തം വരുത്തേണ്ടതില്ലായെന്ന് നിർദ്ദേശിച്ച് ബോർഡുത്തരവായി (പരാമർശം -3).

മേൽ വിവരിച്ച സാഹചര്യത്തിൽ ശ്രീ. വി.വിനോദിന്റെ അപേക്ഷയിന്മേൽ ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം (പരാമർശം -4) ലഭിച്ചത് ബോർഡ് പരിഗണിച്ച് ചർച്ച ചെയ്ത് ചുവടെ വിവരിക്കുംപ്രകാരം തീരുമാനിച്ച് ഉത്തരവാകുന്നു.

ബഹു: ബോർഡ് പ്രസിഡന്റിന്റെയും അംഗങ്ങളുടേയും പേഴ്സണൽ സ്റ്റാഫിൽ അനുവാദ തസ്തികകൾ നിലവിലില്ലാത്തതിനാലും working arrangement/ duty basis എന്ന നിലയിൽ മാത്രമെ സ്റ്റാഫ് അംഗങ്ങളെ നിയോഗിക്കാൻ കഴിയൂ എന്നതിനാലും പേഴ്സണൽ സ്റ്റാഫിൽപ്പെടുന്ന ക്ഷേത്ര ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 40 % തുക പിടുത്തം വരുത്തുന്നത് ഒഴിവാക്കി ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
3. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
4. All Heads of Departments & Offices
5. EDP Section
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി.

SK